"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ മുൻ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. രമേശ് കെ.എസ്. ന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.967/2025/LSGD തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22/03/2024 ലെ LSGD/PD/13025/2024-VIGA1 നമ്പർ കത്ത്.
2. സ.ഉ. (സാധാ)നം.731/2024/തസ്വഭവ. തീയതി 06/04/2024.
3. സ.ഉ. (സാധാ)നം.936/2024/തസ്വഭവ. തീയതി 30/05/2024.
4. ശ്രീ. രമേശ് .കെഎസ് ഫയൽ ചെയ്ത കേസ് ഓ എ നമ്പർ 664/ 2024 ലെ 24 -6 -24 ലെ ഉത്തരവ്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05/07/2024 ലെ LSGD/PD/13025/2024-VIGA1 നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം.1866/2024/LSGD തീയതി, 06/10/2024.
7. 16/12/2024-ലെ ഇപിബി2/36/2024-തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
8. ശ്രീ. രമേഷ് കെ.എസ്. 09/01/2025-ൽ സമർപ്പിച്ച എതിർവാദ പത്രിക.
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27/03/2025 ലെ LSGD/PD/13025/2024-VIGA1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ അസിസ്റ്റന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 20.03.2024 ന് നടന്ന വസ്തു നികുതി പിരിവ് അവലോകന യോഗത്തിൽ, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ ശ്രീമതി അഭിരാമി യു.എസ്-നെ ജീവനക്കാരുടെ മുന്നിൽ വച്ച് വ്യക്തിഹത്യ നടത്തുന്ന രീതിയിൽ സംഭാഷണം നടത്തി മാനസികമായി പീഡിപ്പിക്കുകയും ജീവനക്കാരുടെ മുന്നിൽ വച്ച് ഹാളിൽ നിന്നും പുറത്ത് പോകുന്നതിന് ആക്രോശിക്കുകയും ചെയ്തുവെന്നും മാനസിക സംഘർഷത്താൽ ബോധരഹിതയായി വീണ് താടിയെല്ലിന് ഗുരുതരമായ പരിക്കുകൾ പറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടേണ്ടിവന്നുവെന്നും ഇതിന് കാരണക്കാരനായ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. രമേശ് കെ.എസ്-നെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ

ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** തുടർന്ന് ഈ വിഷയത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ (ജി.ആർ) നെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെ ഉള്ളടക്കം ചുവടെ പറയും പ്രകാരമുള്ളതായിരുന്നു:

i. **20.03.2024** -ൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചു നടന്ന വസ്തുനികുതി പിരിവ് അവലോകന യോഗത്തിനിടെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ക്ലാർക്കായ ശ്രീമതി.അഭിരാമി ബോധരഹിതയായി വീണ് താടിയെല്ലിന് പൊട്ടലുണ്ടാകുകയും മാനസികാഘാതം ഉണ്ടായതിനും വസ്തു നികുതി പിരിവ് അവലോകനം നടത്തിയ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. രമേഷ് കെ.എസ്. ഉത്തരവാദിയാണെന്ന് ബോധ്യപ്പെട്ടു. ഉദ്യോഗസ്ഥർക്ക് മാനസിക പിരിമുറുക്കം സൃഷ്ടിക്കുന്ന തരത്തിലായിരുന്നു ശ്രീ. രമേഷ് അവലോകനം നടത്തിയതെന്നും അന്വേഷണത്തിൽ ബോധ്യമായി. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പിരിവു ഊർജ്ജിതപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുക, നൂറുശതമാനം വസ്തു നികുതി പിരിച്ചെടുക്കുക എന്നുമുള്ള സദുദ്ദേശത്തോട് കൂടിയാണ് ശ്രീ. രമേഷ് കർക്കശ നിലപാട് സ്വീകരിച്ചതെന്ന കാര്യം കൂടി പരിഗണിക്കാവുന്നതും ടിയാനെ സർവീസിൽ പുനഃപ്രവേശിപ്പിച്ചു കൊണ്ട് അച്ചടക്ക നടപടികൾ തുടരാവുന്നതുമാണ്.

ii. ശ്രീ രമേഷ് കെ.എസ്.നെ സർവീസിൽ പുനഃപ്രവേശിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ ഓഫീസ് ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർ ആയി നിയമനം നൽകാവുന്നതാണ്.

iii. അവലോകന യോഗങ്ങളിൽ ഉദ്യോഗസ്ഥരെ ഡയസിന് മുന്നിൽ എഴുന്നേൽപ്പിച്ച് നിർത്തിയുള്ള അവലോകനം ആവശ്യമില്ലെന്നും അവരവരുടെ ഇരിപ്പിടങ്ങളിൽ തന്നെ ഇരിക്കാൻ അനുവദിച്ചു കൊണ്ട് മൈക്ക് ഇരിപ്പിടങ്ങളിൽ നൽകി അവലോകനം നടത്തുന്നതിന് ജോയിന്റ് ഡയറക്ടർമാർക്ക് നിർദേശം നൽകാവുന്നതാണ്.

iv. വസ്തു നികുതി അതാത് സാമ്പത്തിക വർഷം തന്നെ ഒടുക്കുന്നതിനു നികുതിദായകന് ഉത്തരവാദിത്തം നൽകുന്ന തരത്തിൽ നിയമഭേദഗതി കൊണ്ട് വരേണ്ടതും വസ്തു നികുതിയിന്മേലുള്ള പിഴ പലിശ ഒഴിവാക്കുന്ന നടപടി അവസാനിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നു.

v. അവലോകന യോഗങ്ങളിൽ ഉദ്യോഗസ്ഥരോട് മാന്യമായും അവരുടെ അന്തസ് സംരക്ഷിക്കുന്ന വിധത്തിലും ഇടപെടുന്നതിന് പൊതു നിർദേശം പുറപ്പെടുവിക്കാവുന്നതാണ്.

**3.** മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ ഉത്തരവ് പാലിച്ചു കൊണ്ട് ശ്രീ. രമേഷ് കെ.എസ്. ന്റെ സസ്പെൻഷൻ പിൻവലിച്ച് അച്ചടക്ക നടപടിക്ക്

വിധേയമായി ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാൻ പരാമർശം (6) പ്രകാരം ഉത്തരവാകുകയും, തുടർന്ന് പരാമർശം (7) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയുമുണ്ടായി.

**4.** പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. രമേഷ് കെ.എസ് പരാമർശം (8) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ പറയും വിശദീകരണം ബോധിപ്പിച്ചിട്ടുള്ളതാണ്.

*കുറ്റാരോപണ പത്രികയിലും അന്വേഷണ റിപ്പോർട്ടിലും തനിക്കെതിരെ ആരോപിച്ചിട്ടുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധമാണെന്നും, യോഗവുമായി ബന്ധപ്പെട്ട വളരെ കുറച്ചു പേരുടെ മൊഴികൾ മാത്രമാണ് അന്വേഷണത്തിനായി എടുത്തതെന്നും,ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഉദ്യോഗസ്ഥന് യോജിച്ച വിധം മാത്രമേ താൻ അവലോകന യോഗത്തിൽ ജീവനക്കാരോട് പെരുമാറിയിട്ടുള്ളുവെന്നും മറിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്നും അന്വേഷണ റിപ്പോർട്ടിലോ ഉദ്യോഗസ്ഥരുടെ മൊഴിയിലോ ഒരു ഉദ്യോഗസ്ഥന് ചേരാത്തവിധം ഏത് വാക്കാണ് താൻ പറഞ്ഞതെന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ കെട്ടിച്ചമച്ചതാണെന്നും ആയതിനാൽ നിലനിൽക്കുന്നതല്ലെന്നും യോഗത്തിന്റെ സദുദ്ദേശത്തിലും ഉത്തമവിശ്വാസത്തിലുമാണ് ജീവനക്കാരെ അഭിസംബോധന ചെയ്തത് എന്നും ടിയാൻ ബോധിപ്പിക്കുകയുണ്ടായി. ആശുപത്രിയിലെത്തി ഡോക്ടർമാരുമായി താൻ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ ശ്രീമതി. അഭിരാമിയുടെ ആരോഗ്യസ്ഥിതി അന്വേഷിച്ചിരുന്നു എന്നും ആ സമയത്തു മറ്റു ചിലർ പരാതി തയ്യാറാക്കുന്നതിൽ വ്യാപൃതരാകുന്ന ഖേദകരമായ സാഹചര്യം ഉണ്ടായി എന്നും അന്വേഷണഉദ്യോഗസ്ഥയോട് ഇക്കാര്യം അറിയിച്ചു എന്നും ടിയാൻ എതിർവാദം ഉന്നയിച്ചു.*

*ഏത് ആരോഗ്യ പരിതസ്ഥിതിയിലാണ് അഭിരാമി ബോധരഹിതയായി വീണത് എന്നത് സംബന്ധിച്ച് കൃത്യമായ അഭിപ്രായം ആധികാരികമായി പറയാൻ കഴിയുന്നത് ഡോക്ടർക്ക് മാത്രമാണന്നും, അത്തരത്തിലുള്ള ഡോക്ടറുടെ അഭിപ്രായം പരിഗണിക്കാതെ, താൻ ശ്രീമതി അഭിരാമിയോട് നികുതി പിരിവിന്റെ വിശദാംശങ്ങൾ ചോദിച്ചതു കൊണ്ടാണ് ടിയാൾ ബോധരഹിതായി വീണ് പരിക്ക് പറ്റിയത് എന്ന കണ്ടെത്തലിന് യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ലെന്നും അഭിരാമിയുടെ ആരോഗ്യ പ്രശ്നങ്ങൾ കാരണമാണ് ടിയാൾ ബോധരഹിതയായതെന്നും ആയതിന് താൻ ഉത്തരവാദിയല്ലെന്നും ടി വിഷയത്തെ വൈകാരികമായി മാത്രം കണ്ടാണ് തനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ശ്രീ. രമേശ് കെ.എസ്. ബോധിപ്പിച്ചിട്ടുണ്ട്.*

*20.3.2024-ലെ അവലോകന യോഗം നിയന്ത്രിച്ചിരുന്നത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.എസ്.പ്രേം ആയിരുന്നുവെന്നും ശ്രീമതി അഭിരാമിയുടെ നികുതി പിരിവ് അവലോകനം നടത്തുന്നതിന് മുമ്പ് 3 പഞ്ചായത്തുകളിലെ വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവരെ ഡയസിന് മുന്നിൽ വിളിച്ചു നിർത്തിയാണ് അവലോകനം നടത്തിയിരുന്നതെന്നും പ്രസ്തുത ഉദ്യോഗസ്ഥരാരും ബുദ്ധിമുട്ട് അറിയിച്ചിരുന്നില്ലെന്നും ശ്രീമതി അഭിരാമി വീണ ഉടൻ തന്നെ ജീവനക്കാരുടെ സഹായത്തോടെ ജോയിന്റ് ഡയറക്ടറുടെ വാഹനത്തിൽ അഭിരാമിയെ അടുത്തുള്ള ആശുപത്രിയിലേക്ക് വിടുകയും തുടർന്ന് പെട്ടെന്ന് യോഗനടപടികൾ അവസാനിപ്പിച്ചു താനും അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രേം ഉൾപ്പെടെയുള്ളവരും ആശുപത്രിയിലെത്തി അഭിരാമിയുടെ ആരോഗ്യസ്ഥിതിയെപ്പറ്റി ഡോക്ടറോട് അന്വേഷിക്കുകയുണ്ടായെന്നും എന്നാൽ അഭിരാമിക്ക് ബോധക്ഷയം ഉണ്ടായപ്പോൾ യോഗം*

*അപ്പോൾ തന്നെ അവസാനിപ്പിക്കണോ അതോ തുടരണോ എന്നുള്ളത് തീരുമാനിക്കേണ്ടത് യോഗത്തിന്റെ അധ്യക്ഷനായ ശ്രീ. എസ്. പ്രേം ആയിരിക്കെ അതു കൂടി തന്റെ വീഴ്ചയായി ആരോപിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും അവലോകന യോഗങ്ങൾ എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ നേരത്തെ നിലവില്ലായിരുന്നുവെന്നും ആയതിനാൽ ആരോപണം നിലനിൽക്കുന്നതല്ലെന്നും, താൻ ചെയ്യാത്ത കുറ്റത്തിന് ഒരു ഗൂഢാലോചനയുടെ ഭാഗമായി തനിക്കെതിരെ വസ്തുതാവിരുദ്ധവും കളവായതും കെട്ടിച്ചമച്ചതുമായ ആരോപണങ്ങൾ ഉന്നയിച്ച് തന്നെ ക്രൂശിക്കാനുള്ള ശ്രമമാണ് നടന്നിട്ടുള്ളതെന്നും ആയതിനാൽ തന്റെ നിരപരാധിത്വം ബോധ്യപ്പെട്ട് തന്നെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്നും ടിയാൻ അപേക്ഷിക്കുകയുണ്ടായി.*

**5.** ശ്രീ. രമേശ് കെ.എസ്. ന്റെ എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(9)** പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

*__20.03.2024__-ൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചു നടന്ന വസ്തുനികുതി പിരിവ് അവലോകന യോഗത്തിൽ അവലോകനം നടത്തിയ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. രമേഷ് കെ.എസ്. പരുഷമായും ഉച്ചത്തിൽ സംസാരിച്ചിരുന്നതായും മൊഴികളിൽ കാണുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പിരിവു ഊർജ്ജിതപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുക, നൂറുശതമാനം വസ്തു നികുതി പിരിച്ചെടുക്കുക എന്നുമുള്ള സദുദ്ദേശത്തോട് കൂടിയാണ് കർക്കശ നിലപാട് സ്വീകരിച്ചതെന്ന ശ്രീ. രമേഷിന്റെ എതിർവാദപത്രികയിലെ പ്രസ്താവന പരിഗണിക്കപ്പെടേണ്ടതാണ്.*

*__20.03.2024__-ൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചു നടന്ന വസ്തുനികുതി പിരിവ് അവലോകന യോഗത്തിനിടെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ക്ലർക്കായ ശ്രീമതി അഭിരാമി ബോധരഹിതയായി വീണ് താടിയെല്ലിന് പൊട്ടലുണ്ടാകുകയും മാനസികാഘാതം ഉണ്ടായതിനും വസ്തു നികുതി പിരിവ് അവലോകനം നടത്തിയ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. രമേഷ് കെ.എസ്-ന്റെ രൂക്ഷമായ പെരുമാറ്റം മൂലമാണെന്ന് മൊഴികളിൽ കാണുന്നു. അവലോകന യോഗത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ. രമേഷ് കെ.എസ്. പരുഷമായും ഉച്ചത്തിൽ സംസാരിച്ചിരുന്നതായും മൊഴികളിൽ കാണുന്നു. ശ്രീ. രമേഷ് ശബ്ദമുയർത്തിയും കർക്കശമായും സംസാരിച്ചത് മേൽ യോഗത്തിൽ പങ്കെടുത്ത ജീവനക്കാരിൽ പരിഭ്രമവും മാനസിക സംഘർഷവും ഉണ്ടാക്കുന്ന രീതിയിലായിരുന്നു എന്നത് മൊഴികളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. എന്നാൽ ശ്രീ. രമേഷ് പ്രസ്തുത യോഗത്തിൽ അവലോകനം നടത്തിയ എല്ലാ ഉദ്യോഗസ്ഥരോടും ഒരുപോലെയാണ് പെരുമാറിയതെന്നും മൊഴികളിൽ പറഞ്ഞിട്ടുണ്ട്. ശ്രീമതി അഭിരാമിയുടെ പരാതിയിലോ, മറ്റ് ജീവനക്കാരുടെ മൊഴികളിലോ ശ്രീമതി അഭിരാമിയോട് ടിയാന് മുൻ വൈരാഗ്യം ഉള്ളതായി ആരോപിച്ചിട്ടില്ല. എതിർവാദപത്രികയിലെ പരാതിക്കാരിയുടെ മെഡിക്കൽ വസ്തുതകളും ഇക്കാര്യത്തിൽ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു .*

*അവലോകന യോഗത്തിനുള്ള പ്രത്യേക മാർഗനിർദേശം ഇല്ലായിരുന്നു. അവലോകനം നടത്തിയ സമയം ഉദ്യോഗസ്ഥരെ ഡയസിന് മുന്നിൽ നിർത്തിയതും ശ്രീമതി അഭിരാമിക്ക് അപകടം സംഭവിക്കുന്നതിന് കാരണമായി എന്ന് കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുണ്ട്. ആയത് ശ്രീ. രമേഷിന്റെയും ഒപ്പം അവലോകന യോഗത്തിൽ സന്നിഹിതരായിരുന്ന*

*അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രേം, ഇന്റേണൽ വിജിലൻസ് ഓഫീസറും ഉദ്യോഗസ്ഥരെ ഡയസിനു മുന്നിൽ എഴുന്നേൽപ്പിച്ചു നിർത്തി തന്നെയാണ് അവലോകനം നടത്തിയിട്ടുള്ളതെന്നുള്ളതു കൊണ്ട് തന്നെ മേൽ ആരോപണം ശ്രീ. രമേഷിന്റെ വീഴ്ചയായി കാണുവാൻ സാധിക്കുകയില്ല.*

*ശ്രീമതി അഭിരാമി വീണ ഉടൻതന്നെ ജീവനക്കാരുടെ സഹായത്തോടെ ജോയിന്റ് ഡയറക്ടറുടെ വാഹനത്തിൽ അഭിരാമിയെ അടുത്തുള്ള ആശുപത്രിയിലേക്ക് വിടുകയും പെട്ടെന്ന് യോഗനടപടികൾ അവസാനിപ്പിച്ചു താനും അസിസ്റ്റന്റ് ഡയറക്ടർ പ്രേം ഉൾപ്പെടെയുള്ളവരും ആശുപത്രിയിലെത്തി അഭിരാമിയുടെ ആരോഗ്യസ്ഥിതി സംസാരിച്ചു മനസ്സിലാക്കി ജോയിന്റ് ഡയറക്ടറെ ധരിപ്പിക്കുകയും വിവരമറിഞ്ഞ് ആശുപത്രിയിൽ എത്തിയ മാതാപിതാക്കളുമായും ഭർത്താവുമായും സംസാരിക്കുകയും ആശ്വസിപ്പിക്കുകയുമാണ് ഉണ്ടായത് എന്ന് എതിർവാദപത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.*

*മേലധികാരിയുടെ നിർദേശ പ്രകാരം വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും നികുതി വരുമാനം പൂർണ്ണതോതിൽ പിരിച്ചെടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും വേണ്ടി സദുദ്ദേശപരമായാണ് ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ രമേഷ് കെ.എസ്. കൃത്യനിർവഹണം നടത്തിയത് എന്ന് കാണുന്നു. മേൽ പറഞ്ഞ കാര്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനായുള്ള ജില്ലാതല അവലോകന യോഗത്തിൽ ഒരു വനിതാ ജീവനക്കാരിയ്ക്ക് അപകടം സംഭവിക്കുകയും, ഖേദകരമായ അവസ്ഥയിലൂടെ കടന്നു പോകേണ്ടതായും ഇടവന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ഖേദകരവും, അനിഷ്ടകരവുമായുള്ള സംഭവങ്ങൾ ഒഴിവാക്കപ്പെടുന്നതിനു അവലോകന യോഗങ്ങൾ ചേരുന്ന സമയങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് **16.12.2024** ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.*

**6.** ശ്രീമതി. അഭിരാമി യു.എസ്-നെയും ശ്രീ. രമേഷ് കെ.എസ്. നെയും സർക്കാർ നേരിൽ കേട്ടിരുന്നു. **20.03.2024**-ലെ അവലോകന യോഗത്തിലെ അപകടത്തെ തുടർന്ന് തന്റെ താടിയെല്ലിന് സർജറി നടത്തിയതിനു ശേഷം **brado cardia**/'ബോഡി കാർഡിയാ' എന്ന അവസ്ഥ ഉണ്ടാവുകയും അത് അപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്തിരുന്നതായും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തപ്പോഴും അതിനു ശേഷം കാർഡിയോളജിസ്റ്റ് റിവ്യൂ നടത്തിയ സമയത്തും **ECG** നോർമൽ ആയിരുന്നുവെന്നും ബോഡി കാർഡിയയും ആയി ബന്ധപ്പെട്ട് തുടർച്ചകൾ ഒന്നും തന്നെ ആവശ്യമില്ല എന്ന് കാർഡിയോളജിസ്റ്റ് അറിയിച്ചിട്ടുള്ളതാണെന്നും ടി യോഗത്തിൽ വെച്ച് ഉണ്ടായ മാനസിക സമ്മർദ്ദം കാരണം തന്നെയാണ് താൻ ബോധരഹിതയായി വീഴുവാൻ കാരണമെന്നും മേൽ അപകടത്തിന് മുമ്പ് വരെ തനിക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നില്ലെന്നും യാതൊരുവിധ അസുഖങ്ങൾക്കും ചികിത്സയിൽ ആയിരുന്നില്ലെന്നും നേരിൽ കേട്ട വേളയിൽ ശ്രീമതി അഭിരാമി യു.എസ് രേഖകൾ സഹിതം ബോധിപ്പിച്ചിട്ടുള്ളതാണ്.

**7.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. **20.03.2024**-ൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചു നടന്ന വസ്തു നികുതി അവലോകന യോഗത്തിൽ വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും നികുതി വരുമാനം പൂർണ്ണതോതിൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും വേണ്ടി സദുദ്ദേശപരമായാണ് ഇന്റേണൽ വിജിലൻസ് ഓഫീസറായ ശ്രീ രമേഷ് കെ.എസ്. കൃത്യനിർവ്വഹണം നടത്തിയതെന്ന

പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ചും, എന്നാൽ ബോധപൂർവ്വമായല്ലെങ്കിലും ശ്രീ. രമേഷ് കെ.എസ്. ന്റെ അവലോകനം നടത്തിയ ശൈലി മൂലം ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്തിലെ ക്ലർക്കായ ശ്രീമതി അഭിരാമി യു.എസ് യോഗത്തിനിടെ മാനസിക സമ്മർദ്ദം മൂലം ബോധരഹിതയായി വീണ് താടിയെല്ലിന് പരിക്കേറ്റ് ദീർഘനാളത്തെ ചികിത്സയ്ക്ക് വിധേയമാകേണ്ടിവന്നത് ഗൗരവമായി കണ്ട്, ഭാവിയിൽ ഇത്തരത്തിലുള്ള പെരുമാറ്റം ശ്രീ. രമേഷ് കെ.എസ്. ന്റെ ഭാഗത്തുനിന്നും ഉണ്ടാകരുത് എന്ന ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ മുൻ ഇന്റേണൽ വിജിലൻസ് ഓഫീസർ ആയിരുന്ന ടിയാനെതിരെ **1960** ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, ടിയാന് 'സെൻഷ്വർ' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യമായ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
3. ശ്രീ. രമേഷ് കെ.എസ്, മുൻ ഇന്റേണൽ വിജിലൻസ് ഓഫീസർ, തിരുവനന്തപുരം
4. ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
5. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/36/2024/തസ്വഭവ. നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 15-04-2025 16:40:56
സെക്ഷൻ ഓഫീസർ